# ഭരണമില്ലെങ്കിൽ ദീനില്ല!!!

സാലിഷ് വാടാനപ്പള്ളി

ആദിമ മനുഷ്യൻ മുതൽ അവസാനത്തെ മനുഷ്യൻ വരെ തങ്ങളുടെ ജീവിതത്തെ അല്ലാഹുവിന്റെ ഇച്ഛക്കൊത്ത് ചിട്ടപ്പെടുത്തുവാനായിട്ടാണ് അല്ലാഹു അവന്റെ മതത്തെ മനുഷ്യർക്കുനൽകിയത്. മനുഷ്യജീവിതത്തിലെ ചെറുതും വലുതുമായ സകല കാര്യങ്ങളും അല്ലാഹുവിന്റെ മതമനുസരിച്ചാണ് ചിട്ടപ്പെടുത്തേണ്ടത്. ഈ മതത്തെ അല്ലാഹു പൂർത്തീകരിച്ചത് അന്തിമ പ്രവാചകനായ മുഹമ്മദ് നബി(ﷺ)യിലൂടെയാണ്. വിശുദ്ധ ഖുർആൻ പറയുന്നു: ''ഇന്ന് ഞാൻ നിങ്ങൾക്ക് മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടിരിക്കുന്നു.'' *(വി.ഖു: 5:3)* അത് കൊണ്ട്തന്നെ അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാം മാത്രമാണ്. ''തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു.'' *(വി.ഖു: 3:19)* ''ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും'' *(വി.ഖു: 3:85)*

ഈ ആയത്തുകളുടെ അർത്ഥതലങ്ങളിൽ നിന്ന് ചിന്തിക്കുമ്പോൾ മനുഷ്യരുടെ വ്യക്തി ജീവിതവും, കുടുംബജീവിതവും, സാമൂഹിക ജീവിതവും, രാഷ്ട്രീയ ജീവിതവും എല്ലാംതന്നെ അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചു കൊണ്ടായിരിക്കണം എന്ന് മനസ്സിലാക്കാവുന്നതാണ്.

മുഹമ്മദ് നബി(ﷺ)ക്ക് ലഭിച്ച ദൈവിക സന്ദേശങ്ങൾ വി:ഖുർആനിലും ഹദീസുകളിലുമായി ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. ലോകത്തുള്ള ഏതൊരു മുസ്‌ലിമും തങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തേണ്ടത് ക്രോഡീകരിക്കപ്പെട്ട ഈ ദൈവിക സന്ദേശങ്ങളിലൂടെയാണ്. മനുഷ്യ ജീവിതത്തെ മുച്ചൂടും ചൂഴ്ന്നുനിൽക്കുന്ന ഇസ്‌ലാം ഒരു സമ്പൂർണ്ണ ജീവിത ദർശനമാകുന്നു, ലോകത്ത് ഒരു കോണിൽ ഒരൊറ്റ മുസ്‌ലിം താൻ മാത്രമായി ജീവിക്കുന്ന വ്യക്തിക്കും ഒരു ഇസ്‌ലാമിക രാഷ്ട്രത്തിൽ ജീവിക്കുന്ന വ്യക്തിക്കും ഒരുപോലെ സ്വീകരിക്കാൻ കഴിയുന്ന ജീവിത ദർശനം. അത് കൊണ്ട് തന്നെ ഇസ്‌ലാം സർവ്വകാലികവും ജനീനവുമാണ്. ലോകത്ത് മറ്റൊരു ജീവിതദർശനത്തിനും അവകാശപ്പെടാൻ കഴിയാത്ത ഇസ്‌ലാമിന്റെ മാത്രമായൊരു സവിശേഷതയാണിത്. കമ്മ്യൂണിസമാകട്ടെ, ക്യാപിറ്റലിസമാകട്ടെ, സോഷ്യലിസമാകട്ടെ, സ്വന്തം ഭരണമില്ലാത്തിടത്ത് തീർത്തും സാങ്കൽപിക വീടുപോലെയാണ്. കാരണം ഈ ദർശനങ്ങളെല്ലാം മനുഷ്യ ജീവിതത്തെ ഭൗതികമായി മാത്രം വീക്ഷിക്കുകയും ഭൗതിക ജീവിതത്തിന്റെ പ്രത്യക്ഷ തലങ്ങളെ മാത്രം സ്പർശിക്കുന്ന നിയമങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന പ്രത്യയശാസ്ത്രങ്ങളാകുന്നു. അത് കൊണ്ട് തന്നെ തങ്ങളുടേതല്ലാത്ത വ്യവസ്ഥിതി വാഴുന്നിടത്ത് ഈ ദർശനങ്ങൾ ഒന്നും ജീവിച്ചിരിക്കില്ല. മനുഷ്യന്റെ മനസ്ഥിതി ഈ ദർശനങ്ങൾക്ക് അനുകൂലമായി നിലനിന്നാൽ പോലും സ്വന്തം വ്യവസ്ഥ നിലനിൽക്കാത്തി

ടത്ത് ഇവയെല്ലാം വെറും ജലരേഖകളായിരിക്കും. എന്നാൽ ഇസ്‌ലാം ഒരു ആദർശം എന്ന നിലക്ക് മനുഷ്യരുടെ മനസ്സുകളിലുള്ള വിപ്ലവത്തിനാണ് ലക്ഷ്യം വെക്കുന്നത്. ഇസ്‌ലാമിക വീക്ഷണങ്ങൾ ഉൾകൊള്ളുന്ന മനസ്സുകൾ ഒരു സമൂഹമാകുമ്പോൾ അവിടേക്കു വേണ്ട മൗലികമായ വ്യവസ്ഥാനിയമങ്ങളും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. പക്ഷേ ലോകത്ത് എവിടെയും ഇസ്‌ലാമിക വ്യവസ്ഥ ഇല്ലെങ്കിലും ഒരു മനുഷ്യന്റെ മനസ്ഥിതിയിൽ ഇസ്‌ലാം ജീവിച്ചാൽ മാത്രം മതി അതിന് നിലനിൽക്കാൻ. ഇസ്‌ലാമിന്റെ സവിശേഷതയെ തല്ലിത്തകർത്തു കൊണ്ട് മറ്റു ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ നിരയിലേക്ക് തരം താഴ്ത്തുകയാണ് മൗദൂദിസം ഇസ്‌ലാമിനോട് ചെയ്തുവെച്ച മറ്റൊരു ക്രൂരത. മൗദൂദി പറയുന്നത് കാണുക: ''ദീൻ എന്നാൽ യഥാർത്ഥത്തിൽ സ്റ്റേറ്റ് ആണെന്നും ശരീഅത്ത് ആ സ്റ്റേറ്റിന്റെ നിയമ വ്യവസ്ഥയാണെന്നും ആ നിയമവ്യവസ്ഥയനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്ത് എന്നു പറയുന്നതെന്നുമുള്ള സംഗതിവ്യക്തമാകുന്നതാണ്.'' *(ഖുതുബാത് പേജ്: 293, 294)* ദീൻ എന്നാൽ സ്റ്റേറ്റ് ആയാണ് മൗദൂദി വിവക്ഷിക്കുന്നത്.

മൗദൂദി ദീനിന് നൽകിയ സ്റ്റേറ്റ് എന്ന വിശദീകരണത്തെ, ഓക്സ്ഫോർഡ് ഡിക്ഷണറി സ്റ്റേറ്റിനു നൽകിയ വിശദീകരണമായ The way of regulating human contact എന്ന അർത്ഥത്തിലാണെന്നും രാഷ്ട്രം എന്ന നിലയിലല്ലെന്നും ചില IPH പ്രസിദ്ധീകരണങ്ങൾ കാര്യങ്ങളെ കോട്ടിമാട്ടാറുണ്ട്. *(ഉദാ:- തെറ്റിദ്ധരിക്കപ്പെട്ട ജമാഅത്തെ ഇസ്‌ലാമി)*

മാത്രമല്ല, കമ്മ്യൂണിസവും സോഷ്യലിസവും തുടങ്ങി മറ്റു ഭൗതിക പ്രത്യയ ശാസ്ത്രങ്ങളെപ്പോലെത്തന്നെ ഇസ്‌ലാമിന്റെ ലക്ഷ്യം ഭൗതികാധികാരവും അധികാര നടത്തിപ്പുമാണെന്നും അതുകൊണ്ട് തന്നെ ഈ വക പ്രത്യയശാസ്ത്രങ്ങളെപ്പോലെ ഭരണാധികാരം ഇല്ലെങ്കിൽ ഇസ്‌ലാമും ഇല്ല എന്ന തന്റെ വാദം ആർക്കും വ്യക്തമാകും വിധം മൗദൂദി വീണ്ടും പറയുന്നത് കാണുക: ''അതിനാൽ ആദർശം ഒന്നും പ്രത്യക്ഷ സംഭവം അതിനു വിരുദ്ധവുമാണെങ്കിൽ പരിഗണനീയമായിട്ടുള്ളത് പ്രത്യക്ഷ സംഭവം തന്നെയായിരിക്കും, അപ്പോൾ ആദർശത്തിന് തീരെ സ്ഥാനവും വിലയുമുണ്ടായിരിക്കുകയില്ല. ഫലത്തിൽ നിങ്ങൾ 'രാജ ദീനി' ലാണെങ്കിൽ പിന്നെ അവിടെ അല്ലാഹുവിന്റെ ദീനിന് തീരെ സ്ഥാനമുണ്ടായിരിക്കയില്ല. എന്നാലിനി നിങ്ങൾ ഫലത്തിൽ ഭൂരിപക്ഷ ദീനിലോ പ്രജായത്ത ദീനിലോ, വർഗ്ഗീയ ദീനിലോ, ആണെന്നുവന്നാൽ അവിടെയും അല്ലാഹുവിന്റെ ദീനിന്ന് തീരെ സ്ഥാനമുണ്ടായിരിക്കില്ല. എന്നാലിനി നിങ്ങൾ ഫലത്തിൽ അല്ലാഹുവിന്റെ ദീനിലാണെങ്കിലോ അവിടെ മറ്റൊരു ദീനിനും സ്ഥാനമുണ്ടായിരിക്കുന്നതല്ല. ആകയാൽ 'ശിർക്ക്' എവിടെ പ്രത്യക്ഷപ്പെട്ടാലും അതു വ്യാജം മാത്രമായിരിക്കുമെന്ന് നല്ലപോലെ ഗ്രഹിച്ചുകൊള്ളുക.

ഈ തത്വവും നിങ്ങളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചു കഴിഞ്ഞാൽ പിന്നെ ഒരു ദീർഘിച്ച സംഭാഷണമോ വാദപ്രതിവാദമോ കൂടാതെത്തന്നെ ദീൻ ഏതു ജാതിയിൽപ്പെട്ടതാണെങ്കിലും അത് അതിന്റേതായ ഒരു ഭരണം ആഗ്രഹിക്കുന്നുണ്ടെന്ന പരമാർത്ഥത്തിൽ നിങ്ങളുടെ ബുദ്ധി തന്നത്താൻ ചെന്നെത്തുന്നതാണ് 'പ്രജായത്ത ദീനോ' 'രാജത്വദീനോ ആകട്ടെ, 'സോഷ്യലിസ്റ്റ് ദീനോ' അല്ലാഹുവിന്റെ ദീനോ മറ്റേതെങ്കിലും ദീനോ ആകട്ടെ ഓരോന്നിനും അതതിന്റെ നിലനിൽപിനു സ്വന്തമായ ഭരണം ഏത് വിധത്തിലും അത്യന്താപേക്ഷിതമാകുന്നു. സ്വന്തഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സങ്കൽപ വീടുപോലെയാണ്. ഭൂമിയിൽ സ്ഥാപിതമായ ഒരു വീട്ടിൽ മാത്രമേ നിങ്ങൾക്ക് താമസിക്കാൻ സാധിക്കുകയുള്ളുവെ

ങ്കിൽ പിന്നെ തലച്ചോറിൽ മറ്റൊരു വീടിന്റെ പ്ലാനുണ്ടായിരിക്കുന്നതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്. നിങ്ങളിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നിർമ്മിക്കപ്പെട്ട അതേ വീടിന്റെ വാതിലിൽക്കൂടിയായിരിക്കും നിങ്ങൾ പ്രവേശിക്കുന്നതും പുറപ്പെടുന്നതും അതിന്റെ തന്നെ മേൽപ്പുരയുടെയും ചുമരുകളുടെയും നിഴലിൽ നിങ്ങൾക്ക് കഴിച്ച്കൂട്ടേണ്ടതായും വരും. അതിന്റെ ആകൃതിയനുസരിച്ച് തന്നെ താമസത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്‌വാൻ നിങ്ങൾ നിർബന്ധിതരായിത്തീരുകയും ചെയ്യും. എന്നിരിക്കെ, ഒരാകൃതിയുള്ള വീട്ടിൽ താമസിച്ചുകൊണ്ട് മറ്റൊരാകൃതിയിലുള്ള വീടിനെ ഹൃദയത്തിൽ ചിത്രീകരിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നതിൽ മാത്രം എന്തർത്ഥമാണുള്ളത്? സങ്കൽപവീട് നിങ്ങളുടെ ഹൃദയത്തിൽ മാത്രമായിരിക്കുകയും ഭൂമിയിൽ നിർമ്മിക്കപ്പെട്ട വീട്ടിൽ നിങ്ങൾ താമസിക്കുകയും ചെയ്യും. തലച്ചോറിൽ മാത്രം സ്ഥിതി ചെയ്യുന്ന ഒരു വീടിനെ സംബന്ധിച്ച് ആരെങ്കിലും വീടെന്നു പറയാറുണ്ടോ? അത്തരം വീട്ടിൽ ആർക്കെങ്കിലും താമസിക്കാൻ സാധിക്കുമോ? അടിത്തറ ഭൂമിയിൽ സ്ഥാപിതമാവുകയും അതിൻമേൽ ചുമരും മേൽപ്പുരയും നിർമ്മിക്കുകയും ചെയ്തതിന്നു മാത്രമേ വീടെന്നു പറയുകയുള്ളൂ. അതിൽ മാത്രമേ മനുഷ്യനു താമസിക്കാനും സാധിക്കുകയുള്ളൂ. അത് പോലെ ഒരു ദീൻ സത്യമാണെന്ന വെറും വിശ്വാസത്തിനു യാതൊരർത്ഥവുമില്ല. ജനങ്ങൾ മറ്റുവല്ല ദീനിലുമാണ് ജീവിതം നയിക്കുന്നതെങ്കിൽ അത്തരം വിശ്വാസം തീരെ നിഷ്പ്രയോജനമാണ്. സങ്കൽപ വീടിന് വീടെന്ന് പറയാത്തപോലെ സങ്കൽപ്പദീനിന് ദീനെന്നും പറയുകയില്ല. സങ്കൽപ്പഗൃഹത്തിലെന്ന പോലെ സങ്കൽപ്പ ദീനിലും ആർക്കും നിലകൊള്ളുക സാധ്യമല്ല. ഏതൊന്നിന്റെ ശക്തി ഭൂമിയിൽ സ്ഥാപിതമായിരിക്കുന്നുവോ, ഏതൊന്നിന്റെ നിയമം അനുഷ്ഠാനത്തിലുണ്ടോ, ഏതൊന്നിന്റെ പദ്ധതിയനുസരിച്ച് ജീവിത ഏർപ്പാടുകൾ വ്യവസ്ഥിതമായിരുന്നുവോ അതത്രെ സാക്ഷാൽ ദീൻ! ആകയാൽ ഓരോ ദീനിന്റെയും പ്രകൃതി തന്നെ തേടുന്നത് അതിന് ഭരണം ലഭിക്കണമെന്നാണ്. ഇത്രയുമല്ല, ദീൻ നിലകൊള്ളുന്നതു തന്നെ അധികാര ശക്തിയെ മാത്രം ആരാധിക്കുകയും അതിനു മാത്രം അടിമപ്പെടുകയും അതിന്റെ നിയമങ്ങൾ മാത്രം നടപ്പിൽ വരികയും ചെയ്യാൻ വേണ്ടിയാകുന്നു.'' *(ഖുതുബാത്ത് പേജ്. 295,296)*

എത്ര ലാഘവത്തോടെയാണ് മൗദൂദി കാര്യങ്ങൾ വിശദീകരിച്ചത്. സോഷ്യലിസവും, ജനാധിപത്യവും, രാജാധിപത്യവും തുടങ്ങിയവയെല്ലാം തന്നെ ഭരണമില്ലെങ്കിൽ നിലനിൽപ്പില്ലാത്തവയാണ് എന്ന പോലെ ഇസ്‌ലാമും ഭരണമില്ലെങ്കിൽ നിലനിൽപ്പില്ലാത്ത ഒന്നത്രെ. മാത്രമോ മുതലാളിത്തമുള്ളിടത്ത് കമ്മ്യൂണിസത്തിന് നിലനിൽക്കാൻ കഴിയാത്തപോലെ, രാജാധിപത്യമുള്ളിടത്ത് പ്രജാധിപത്യത്തിന് നിലനിൽക്കാൻ കഴിയാത്തത് പോലെ ഇസ്‌ലാമികേതര വ്യവസ്ഥ വാഴുന്നിടത്ത് ഇസ്‌ലാമിനും നിലനിൽക്കാൻ കഴിയില്ലെന്നാണ് മൗദൂദിയൻ ചിന്താധാര. ഇതിനേക്കാൾ അപകടം പിടിച്ച മറ്റൊരു മൗദൂദിയൻ തീവ്രവാദ ചിന്തകൂടി നമുക്ക് ഖുതുബാത്തിൽ നിന്ന് തന്നെ വായിച്ചെടുക്കാം. ''ചുരുക്കത്തിൽ, മനുഷ്യൻ അല്ലാഹുവൊഴികെ മറ്റാരുടെയും അടിമകളാകാതിരിക്കുക. ഇതല്ലാതെ ഇസ്‌ലാം മറ്റൊന്നും ഉദ്ദേശിക്കുന്നില്ല. കലർപ്പില്ലാത്ത തനി ദൈവികാധിപത്യം ഇല്ലാതിരിക്കുന്ന കാലത്തോളം ഈ ഉദ്ദേശ്യം പൂർത്തിയാകയില്ലെന്നത് എത്രയും വ്യക്തമാണ്. മറ്റു വല്ല ദീനിനോടുമുള്ള പങ്കിനെ ഈ ദീൻ എങ്ങനെ സ്വീകരിക്കാനാണ്? എന്നല്ല ഏതൊരു ദീനാണ് ഇതര ദീനുകളുടെ പങ്കിനെ സ്വീകരിക്കുന്നത്? മറ്റെല്ലാ ദീനുകളെപ്പോലെ ഈ ദീനും പറയുന്നു: പൂർണ്ണാധികാരം എനിക്കു മാത്രമായിരിക്കണം; മറ്റെല്ലാ ദീനുകളും എന്റെ മുമ്പിൽ പരാജയപ്പെടുകയും വേണം; അല്ലാത്തപക്ഷം എന്നെ അനുഗമിക്കുക സാധ്യമല്ല എന്റെ സാന്നിദ്ധ്യത്തിൽ 'ഭൂരിപക്ഷദീനോ' രാജദീനോ, സോഷ്യലിസ്റ്റ് ദീനോ മറ്റേതെങ്കിലും ദീനോ ഉണ്ടാവുക

യില്ല. ഇനി മറ്റു വല്ല ദീനുമുണ്ടെങ്കിലോ അവിടെ എന്റെ സാന്നിദ്ധ്യവുമുണ്ടായിരിക്ക യില്ല.; ആ നിലയിൽ എന്നെ സത്യദീനെന്നു വിശ്വസിച്ചതു കൊണ്ട് യാതൊരു ഫലവു മുണ്ടാവുകയില്ല.'' *(ഖുതുബാത്ത് പേ. 297, 298)*

നോക്കൂ എന്താണീ പറയുന്നത്. ഇസ്ലാമിന്റേതല്ലാത്ത ഭരണം വാഴുന്നിടത്ത് അല്ലാ ഹുവിന്റെ മാത്രം അടിമത്വം അംഗീകരിച്ച് ജീവിക്കാൻ പോലും കഴിയില്ലെന്ന് വളരെ പച്ചയായിത്തന്നെ അദ്ദേഹം പറഞ്ഞിരിക്കുന്നു. മാത്രമോ, ജനാധിപത്യത്തിലോ സോഷ്യലിസത്തിലോ രാജാധിപത്യത്തിലോ തുടങ്ങി ഇസ്ലാമിന്റേതല്ലാത്ത മറ്റേത് ഭര ണത്തിൻ കീഴിൽ ജീവിക്കുന്ന ആർക്കും തന്നെ ഇസ്ലാമിനെ അനുഗമിക്കുക എന്നത് അസാധ്യമത്രെ.! വ്യാമോഹമത്രെ! ജനാധിപത്യമടക്കമുള്ള മറ്റേതു ഭരണത്തിൻകീഴിൽ ജീവിക്കുന്ന ആർക്കും തന്നെ ഇസ്ലാമിനെ സത്യദീനെന്ന് വിശ്വസിച്ചത് കൊണ്ട് യാതൊരു ഫലവുമില്ലത്രെ. മറ്റൊരിടത്ത് മൗദൂദി പറഞ്ഞ തീവ്രവാദ ചിന്തകൂടി കാണു ക: ''നേതൃത്വ ശക്തി ഇവരുടെ അധീനതയിലായിരിക്കുന്ന കാലത്തോളം ശാസ്ത്രം, സാഹിത്യം, കല, വിദ്യാഭ്യാസം, പ്രസിദ്ധീകരണം നിയമനിർമ്മാണ നടത്തിപ്പ്, ധനകാ ര്യം, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിങ്ങനെയുള്ള സകലതിന്റെയും കടിഞ്ഞാൺ ഇത്തരക്കാർ കൈക്കലാക്കിക്കൊണ്ടിരിക്കുന്ന കാലത്തോളം ലോകത്ത് ഒരു യഥാർത്ഥ മുസ്ലിമെന്ന നിലക്കു ജീവിക്കുകയും അല്ലാഹുവിന്റെ അടിമത്തത്തെ സ്വജീവിത വ്യവസ്ഥയാക്കിക്കൊണ്ട് നിലകൊള്ളുകയും ചെയ്യുന്നത്. പ്രയോഗത്തിൽ തീരെ അസംഭവ്യമാണ്.'' *(ഇസ്ലാമിക പ്രസ്ഥാനം, മൗലാന മൗദൂദി)*

ഇസ്ലാമികേതര വ്യവസ്ഥ വാഴുന്നിടത്ത് മുസ്ലിമായി ജീവിക്കുവാനും അല്ലാഹു വിന്റെ അടിമത്വത്തെ സ്വജീവിത വ്യവസ്ഥയായി സ്വീകരിക്കാൻ പോലും സാധിക്കില്ല ത്രെ. എന്തൊരു തീവ്രവാദമാണിത്. ഇതല്ലെങ്കിൽ പിന്നെ ഏത് ചിന്താധാരയെയാണ് തീവ്രവാദമായി മാറ്റിനിർത്തേണ്ടത്? വീണ്ടും മൗദൂദി പറയുന്നത് കാണുക: ''ഇസ്ലാ മിൽ സമരത്തിന് ഇത്രയ്ക്കു പ്രാധാന്യം എന്തുകൊണ്ടാണെന്ന വസ്തുത ഇപ്പോൾ നല്ലപോലെ വ്യക്തമായിക്കഴിഞ്ഞു. ഇതര ദീനുകളെപ്പോലെ അല്ലാഹുവിന്റെ ദീനും അതിന്റെ ആധിപത്യമാണുദ്ദേശിക്കുന്നത്. അത് സത്യദീനാണെന്ന് നിങ്ങൾ സമ്മതി ക്കുകയും ആ സമ്മതത്തിന്റെ അടയാളമെന്നോണം ചില ബാഹ്യചടങ്ങുകൾ നിർവ്വ ഹിക്കുകയും ചെയ്യുന്നത് കൊണ്ട് മാത്രം ഇസ്ലാം തൃപ്തിയടയുകയില്ല. മറ്റു വല്ല ദീനുകളുടെയും കീഴിൽ നിന്നുകൊണ്ട് ഇസ്ലാമിനെ തികച്ചും അനുസരിക്കുക തീരെ അസാധ്യമത്രെ. ഇതര ദീനുകളോടുള്ള കൂട്ടുകെട്ടോടുകൂടിയും ഈ ദീനിനെ അനുഗ മിക്കാൻ കഴിയുകയില്ല. അതിനാൽ ഈ ദീൻ സത്യമാണെന്ന് യഥാർത്ഥത്തിൽ നിങ്ങൾ കരുതുന്നുണ്ടെങ്കിൽ സർവ്വശക്തിയും പ്രയോഗിച്ചു ഭൂമുഖത്ത് അതിനെ സ്ഥാപിതമാക്കുകയോ, അല്ലാത്ത പക്ഷം അതേ പരിശ്രമത്തിൽ ജീവൻ ബലി യർപ്പിക്കുകയോ അല്ലാതെ നിങ്ങൾക്ക് ഗത്യന്തരമില്ല. ഇതേ ഉരക്കല്ലിൻമേലത്രെ നിങ്ങളുടെ വിശ്വാസാദർശങ്ങളെ മാറ്റുരച്ചു നോക്കുന്നത്. നിങ്ങളുടെ ആദർശം സത്യ മാണെങ്കിൽ മറ്റൊരു ദീനിൽ നിന്നുകൊണ്ട് നിങ്ങൾക്ക് സുഖനിദ്രപോലും വരികയില്ല. എന്നിട്ടല്ലേ നിങ്ങൾ ഇതരദീനുകൾക്ക് സേവനം ചെയ്യുകയും ആ സേവനത്താൽ ലഭ്യ മാക്കുന്ന ആഹാരം സന്തോഷത്തോടെ ഭക്ഷിക്കുകയും സസുഖം കാൽ നീട്ടി ഉറങ്ങു കയും ചെയ്യുന്നത്.!! അല്ലാഹുവിന്റെ ദീനാണ് സത്യമെന്ന് വിശ്വസിച്ച് കൊണ്ട് ഇതരദീനുകളുടെ പിടിയിൽ നിങ്ങൾ കഴിച്ചുകൂട്ടുന്ന ഓരോ നിമിഷവും നിങ്ങൾക്ക് കാരാഗൃഹ ജീവിതത്തിന് തുല്യമായിരിക്കും. മുള്ളിൻവിരിപ്പുകളിലായിരിക്കും നിങ്ങൾ കിടക്കുന്നതെന്നും ആട്ടങ്ങയേക്കാൾ കൈപ്പേറിയ ഭക്ഷണമാണ് കഴിക്കുന്ന തെന്നും നിങ്ങൾക്ക് തോന്നിപ്പോകും. സത്യദീനിനെ സ്ഥാപിക്കാൻ വേണ്ടിയുള്ള പരി

ശ്രമത്തിലല്ലാതെ മറ്റൊന്നിലും നിങ്ങൾക്ക് ആശ്വാസവും സമാധാനവും ഉണ്ടായിരിക്കുകയില്ല. എന്നാൽ അല്ലാഹുവിന്റെ ദീനൊഴികെ മറ്റുവല്ല ദീനിലും താമസിച്ചുകൊണ്ട് സന്തോഷം തോന്നുകയും ആ സ്ഥിതിയെ തൃപ്തിപ്പെടുകയുമാണെങ്കിൽ നിങ്ങൾ സത്യവിശ്വാസികളേയല്ല. എത്രതന്നെ മനസ്സിരുത്തി നിങ്ങൾ നമസ്കരിക്കുകയും, അല്ലാഹുവിനെ കുറിച്ചുള്ള ധ്യാനത്തിൽ മുഴുകിയിരിക്കുകയും, പരിശുദ്ധ ഖുർആനെയും, നബിചര്യയെയും പറ്റി ഉപര്യുപരി പ്രതിപാദിക്കുകയും, ഇസ്‌ലാമിക തത്ത്വങ്ങളെയും യുക്തികളെയും സുദീർഘമായി വിവരിക്കുകയും ചെയ്യട്ടെ. അതൊക്കെ നിഷ്ഫലം മാത്രമായിരിക്കും. ഇതരദീനുകൾ കൊണ്ട് സംതൃപ്തമാകുന്ന ജനങ്ങളുടെ സ്ഥിതിയാണിത്.'' *(ഖുതുബാത്ത് പേ: 299,300)*

ഇസ്‌ലാമിക ഭരണമില്ലാത്തിടത്ത് മുസ്‌ലിംകൾ സ്വയം സ്വീകരിക്കേണ്ട നിലപാടുകൾ ഇതാണത്രെ.!! ഇസ്‌ലാമിന്റേതല്ലാത്ത ഭരണം നിലനിൽക്കുന്നിടത്ത് ആ വ്യവസ്ഥയിൽ ഏതെങ്കിലും തരത്തിലുള്ള ആശ്വാസം കണ്ടെത്തുകയോ സമാധാനത്തോടെ ആ വ്യവസ്ഥയിൽ ജീവിക്കാൻ ആഗ്രഹിക്കുകയോ അവിടത്തെ ഭക്ഷണം സന്തോഷത്തോടെ ഭക്ഷിക്കുകയോ എന്തിന് ഒന്ന് സുഖത്തോടെ കാൽ നീട്ടി ഉറങ്ങുക പോലും ചെയ്യുക എന്നത് സത്യവിശ്വാസിക്ക് ഒരു നിലക്കും ചേർന്നതല്ലെന്ന് വളരെ വ്യക്തമായി അദ്ദേഹം എഴുതിവെച്ചത് കണ്ടിട്ടും ആ ചിന്താധാരയെ തീവ്രവാദമായി വീക്ഷിക്കാൻ കൂട്ടാക്കാതെ ഇന്ത്യയെപ്പോലുള്ള മതസ്വാതന്ത്ര്യവും പ്രബോധന സ്വാതന്ത്ര്യവും നൽകുന്ന രാജ്യങ്ങളിൽ ഇത് ഇന്നും പ്രചരിപ്പിച്ചുകൊണ്ടിരിക്കാൻ തീവ്രവാദ ചിന്താപ്രണയിതാക്കൾക്കല്ലാതെ മറ്റാർക്ക്  കഴിയാനാണ്! മറ്റൊരിടത്ത്, ഒരു ചോദ്യോത്തരത്തിലൂടെ ഇന്ത്യൻ മുസ്‌ലിംകൾക്ക് മൗദൂദി നൽകുന്ന ആത്മഹത്യപരമായ ഒരു ഉപദേശം കൂടി നാം കാണുക: '' ഒരനിസ്‌ലാമിക വ്യവസ്ഥിതിക്കു കീഴിൽ, തീർത്തും ഹലാലായ റൊട്ടിതന്നെ ലഭിക്കുക തികച്ചും അസാധ്യമാണെന്ന താങ്കളുടെ അഭിപ്രായം ശരിയാണ്.... എന്നാൽ ഹറാമിന്റെ കലർപ്പ് പരമാവധി കുറഞ്ഞതും നിലവിലുള്ള അനിസ്‌ലാമിക വ്യവസ്ഥിതിയുടെ ഭദ്രതക്ക് കഴിയുന്നത്ര താങ്കളെ സഹായകനല്ലാതാക്കിത്തീർക്കുന്നതുമായ ജീവിതമാർഗമേതെന്നും പരിസ്ഥിതിയും യോഗ്യതകളും കണക്കിലെടുത്തു താങ്കൾ തന്നെ തീരുമാനിക്കേണ്ടതാണ്.'' *(പ്രബോധനം 1966 ഫെബ്രു 17)*

ഇനി പറയൂ. ഈ ചിന്താഗതി ഇന്ത്യൻ മുസ്‌ലിംകളെങ്ങാനും സ്വീകരിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു നമ്മുടെ അവസ്ഥ. ആർക്കും വേണ്ടാത്ത ഒരു തെരുവു പട്ടിയെപ്പോലെ ഭൗതികമായ അസ്ഥിത്വം തകർന്ന് നാം നശിച്ചുപോകുമായിരുന്നു എന്നതിൽ ആർക്ക് ശങ്കിക്കാനാകും. ഇനിയും അദ്ദേഹത്തിന്റെ വരികളിലൂടെ നമുക്കൊന്ന് സഞ്ചരിച്ചു നോക്കാം: ''അല്ലാഹുവിന്റെ ദീനല്ലാത്ത മറ്റു വല്ല ദീനും ഭൂമിയിൽ സ്ഥാപിതമാവുകയും തങ്ങളതിൽ അകപ്പെട്ടിരിക്കുന്നുവെന്ന് മുസ്‌ലിംകൾക്ക് അനുഭവപ്പെടുകയുമാണെങ്കിൽ, അത്തരം പരിത:സ്ഥിതിയിൽ നിഷിദ്ധദീനിനെ നശിപ്പിച്ച് തൽസ്ഥാനത്ത് സത്യദീനിനെ സ്ഥാപിക്കാനായി പരിശ്രമിക്കുകയും തൽപരിശ്രമത്തിലായി തങ്ങളുടെ മുഴുവൻ കഴിവും വിനിയോഗിച്ചു സകല കഷ്ടനഷ്ടങ്ങളും സഹിക്കുകയും ജീവനെ തന്നെ ബലിയർപ്പിക്കുകയും ചെയ്യുന്നതാരോ അവരാണ്, അവർ മാത്രമാണ് – തൽപരിശ്രമത്തിൽ വിജയിച്ചാലുമില്ലെങ്കിലും സത്യവിശ്വാസികൾ. നേരെ മറിച്ച് നിഷിദ്ധ ദീനിന്റെ ആധിപത്യത്തിൽ തൃപ്തിയടയുകയോ നിഷിദ്ധ വ്യവസ്ഥയെ വിജയിപ്പിക്കുന്നതിൽ സ്വയം പങ്ക് വഹിക്കുകയോ ചെയ്യുന്നവർ തങ്ങളുടെ സത്യവിശ്വാസ വാദത്തിൽ തികച്ചും കപടൻമാർ മാത്രമാണ്....'' *(ഖുതുബാത്ത് പേ. 301,302)*

ചിന്തിച്ചു നോക്കൂ, സത്യവിശ്വാസി ആകണമെങ്കിൽ, കപടവിശ്വാസത്തിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ അദ്ദേഹമവതരിപ്പിച്ച ഏറ്റവും ചുരുങ്ങിയ മാർഗ്ഗമാണിത്. ഇന്ത്യയെപ്പോലെ മുസ്ലിംകൾ ന്യൂനാൽ ന്യൂനപക്ഷമായി ജീവിക്കുന്ന രാജ്യങ്ങളിൽ ഈ ചിന്താധാര പ്രചരിപ്പിച്ചാലുണ്ടാകുന്ന അപകടം നാം തിരിച്ചറിയണം. ഇസ്‌ലാമിക ഭരണം വരുന്നതുവരെ ലോകത്ത് മുസ്ലിമായി ജീവിക്കുന്ന ഓരോരുത്തരും തങ്ങളുടെ നാടുകളിലെ മറ്റു വ്യവസ്ഥകളോടെല്ലാം യുദ്ധം പ്രഖ്യാപിക്കണമെന്ന ആത്മഹത്യാപരമായ ചിന്ത സ്വീകരിക്കുവാനാണ് മൗദൂദി ആവശ്യപ്പെടുന്നത്. എവിടെ നിന്നാണാവോ ഇവർക്കീ തീവ്രവാദചിന്ത ലഭിച്ചത്. ശാന്തിയുടെയും, സമാധാനത്തിന്റെയും, സഹനത്തിന്റെയും മതമായ ഇസ്‌ലാമിനെ തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും മതമായി ഇന്ന് ലോകത്ത് ആരെങ്കിലും അധിക്ഷേപിക്കുന്നുണ്ടെങ്കിൽ ഈ ചിന്താധാരക്ക് അതിലുള്ള പങ്കിനെ നാം തിരിച്ചറിഞ്ഞിട്ടില്ല എന്ന് നടിച്ചിട്ട് കാര്യമില്ല. ഒന്നുകിൽ അവരിതു തിരുത്തുക അല്ലെങ്കിൽ നാം അവരെ മാറ്റി നിർത്തുക. ഇതല്ലാതെ മറ്റൊരു പോംവഴി സമാധാന കാംക്ഷികളായ മുസ്‌ലിംകൾക്കു മുന്നിലില്ല.